(ബി) കാറ്റുവീഴ്ച രോഗം കണ്ടുതുടങ്ങിയിട്ട് ഉദ്ദേശം 125 വർഷവും കൂമ്പ് ചീയൽ ഉദ്ദേശം 90 വർഷവും ചെന്നീരൊലിപ്പ് ഏകദേശം 60 വർഷവുമായിട്ടുണ്ട്.

(സി) കാറ്റുവീഴ്ചയെക്കുറിച്ച് മാത്രമാണ് വിശദമായ പഠനം നടത്തിയിട്ടുള്ളത്. 1996-ലെ കാറ്റുവീഴ്ച സർവ്വേ പ്രകാരം കേരളത്തിലെ 8 തെക്കൻ ജില്ലകളിലായി 245 ലക്ഷത്തിൽപ്പരം തെങ്ങുകൾക്ക് ഈ രോഗം ബാധിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 70.59 ശതമാനം തെങ്ങുകൾക്ക് ഈ രോഗമുണ്ട്. കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾ കാലാവസ്ഥാ മാറ്റങ്ങൾക്ക് അനുസൃതമായി കുറഞ്ഞും കൂടിയുമിരിക്കും.

(ഡി) കൃഷി വകുപ്പ് ഗവേഷണം നടത്തുന്നില്ല. കാർഷിക സർവ്വകലാശാല യുടെ കുമരകം, വൈറ്റില എന്നിവിടങ്ങളേയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്ര ത്തിന്റെ കാസർകോഡ് കായംകുളം എന്നീ ഗവേഷണ കേന്ദ്രങ്ങളേയും കേന്ദ്രീക രിച്ച് കാറ്റുവീഴ്ച രോഗ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. ഇതനു സരിച്ച് അഗ്രോണമി വിഭാഗത്തിൽ 6-ഉം, സോയിൽ സയൻസ് വിഭാഗത്തിൽ 6-ഉം, എന്റമോളജി വിഭാഗത്തിൽ 5-ഉം പത്തോളജി വിഭാഗത്തിൽ 4-ഉം ബോട്ടണി വിഭാഗത്തിൽ 3-ഉം പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

(ഇ) ഗവേഷണങ്ങളുടെ ഫലമായി കാറ്റുവീഴ്ച, മണ്ഡരി എന്നിവ ഒഴികെ എല്ലാ രോഗങ്ങൾക്കും പരിഹാരം കണ്ടിട്ടുണ്ട്. കാറ്റുവീഴ്ച, മണ്ഡരി എന്നിവയെ നിയന്ത്രിക്കുന്നതിനും രോഗ വിമുക്ത മേഖല ഉണ്ടാക്കുന്നതിനും തെങ്ങിന്റെ വിളവ് കാര്യമായി കുറയാതെ കുറെ വർഷത്തോളം ഇവ ബാധിച്ച തെങ്ങുകളിൽ നിന്നും വിളവു ലഭിക്കുവാൻ വേണ്ട കാർഷിക മുറകൾ കണ്ടുപിടിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

പച്ചക്കറി വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി

*15 [574] ശ്രീ. കോവൂർ കുഞ്ഞുമോൻ:

" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സുലഭ പച്ചക്കറി സ്റ്റാളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ തലത്തിൽ കൂടുതൽ പച്ചക്കറി വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ സുലഭ പച്ചക്കറി സ്റ്റാളുകൾ പ്രവർത്തിക്കുന്നില്ല.

(സി) പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല.

ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിന് പദ്ധതി

*16 [575] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
" വർക്കല കഹാർ:
" പി. ടി. തോമസ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നു;

(ബി) പ്രസ്തുത വിഷയത്തിൽ ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും അതിനുള്ള പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്യുമോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രവാസി കേരളീയരെ ടൂറിസം വികസനരംഗത്തേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പ്രത്യേക ഇൻസെന്റീവ് കൊടുക്കാനുദ്ദേശിക്കുന്നു;

(ഡി) ഈ രംഗത്ത് വിദേശമൂലധനം പ്രതീക്ഷിക്കുന്നുണ്ടോ;

(ഇ) ഏതെല്ലാം വിദേശ സംരംഭകർ ഇതിനായി മുന്നോട്ടുവന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പ്രോത്സാഹനങ്ങളാണ് സർക്കാർ നൽകി വരുന്നത്:

1. അംഗീകൃത യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സബ്സിഡി.

2. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കും സൗകര്യങ്ങൾക്കും നിക്ഷേപത്തിന്റെ 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) അധിക സബ്സിഡി.

3. 50 കോടിയിൽപരം മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് പ്രത്യേക ഇൻസെന്റീവുകൾ.

LIBRARY ARCHIVES Kerala Legislative Assembly